**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2416** **13-09-2023 - ൽ മറുപടിയ്ക്ക്**

**കേരളം സുരക്ഷിത ഭക്ഷണ ഇടം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളം സുരക്ഷിത ഭക്ഷണ ഇടം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതു വഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാവകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കു പുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും, ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന്പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിച്ച് വരുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉൾപ്പെടെ **2021** ഏപ്രിൽ മുതൽ **2023** ജൂലൈ വരെ **130484** പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി **18677** എണ്ണം സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും **49967** എണ്ണം സർവ്വയിലൻസ് സാമ്പിളുകളും ശേഖരിയ്ക്കുകയുണ്ടായി. പരിശോധനകളുടെ ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ **1246** എണ്ണം **Unsafe** ആയും **536** എണ്ണം **Substandard** ആയും **832** എണ്ണം **Misbranded** ആയും പരിശോധനാ ഫലം ലഭിയ്ക്കുകയുണ്ടായി. ആയതിൽ ആവശ്യമായ തുടർ നിയമ നടപടികൾ ഉറപ്പാക്കിയിട്ടുണ്ട്. ടി കാലയളവിൽ **17355** എണ്ണം നോട്ടീസുകളും **9893** എണ്ണം കോമ്പൗണ്ടിംഗ് നോട്ടീസുകളും പിഴയിനത്തിൽ |

| | | | |
|---|---|---|---|
| | | | **4,10,54,850/-** രൂപയും ഈടാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ **1413** അഡ്ജൂഡിക്കേഷൻ കേസുകളും **939** പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയുണ്ടായി. സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ വർഷം നടത്തിയ കാര്യക്ഷമമായതും ചിട്ടയായതുമായ പ്രവർത്തനങ്ങളുടെ ഫലമായി ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് ആദ്യമായി ഒന്നാം സ്ഥാനം ലഭിച്ചു. |
| (ബി) | ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഭക്ഷ്യസുരക്ഷാ നിയമം (ലൈസൻസിംഗ് ആന്റ് രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്) റെഗുലേഷൻസ് **2012** ഷെഡ്യൂൾ **4** പാർട്ട് **II 10.1.2** പ്രകാരം ഹോട്ടൽ, ബേക്കറി തുടങ്ങിയ ഭക്ഷ്യ സ്ഥാപനങ്ങളിൽ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യമാണ്. ജീവനക്കാരുടെ ശാരീരിക പരിശോധന നടത്തി നിശ്ചിത മാതൃകയിൽ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും പുതുക്കേണ്ടതാണ്. പകർച്ചവ്യാധി, ത്വക്ക് രോഗം എന്നിവ ഇല്ലായെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ ജീവനക്കാരെ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് അനുവദിക്കുകയുള്ളൂ. പരിശോധന സമയത്ത് ഹെൽത്ത് കാർഡ് ഇല്ലാത്തതും മറ്റ് ന്യൂനതകൾ കണ്ടെത്തുന്നതുമായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ആയത് ഉറപ്പ് വരുത്തുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പരിശോധനാ നടപടികൾ വിശദമാക്കാമോ? | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ